**13 ാം കേരള നിയമസഭ**
**9 ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3254      24/06/2013ലെ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ യോഗ്യതകൾ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തൽ**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ഡോ.കെ.ടി.ജലീൽ | ബഹു: മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി |
| (എ) | സർക്കാർ സർവ്വീസിൽ പ്രവേശിച്ച് കഴിഞ്ഞ് ജീവനക്കാർ നേടുന്ന വിദ്യാഭ്യാസ യോഗ്യതകൾ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനുള്ള നിലവിലെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 143 നു കീഴിലുള്ള 'നിർദ്ദേശങ്ങൾ'- 2 ൽ രണ്ടാം ഖണ്ഡികയിൽ "ഡിപ്പാർട്ട്മെന്റൽ പരീക്ഷ ഉൾപ്പെടെ പൊതുവായോ പ്രത്യേകമായോ വിജയിച്ച എല്ലാ പരീക്ഷകളും സേവന പുസ്തകത്തിൽ രേഖപ്പെടുത്തണം" എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച പ്രത്യേക നടപടി ക്രമങ്ങൾ ഒന്നും തന്നെ കേരള സർവ്വീസ് റൂൾ ഭാഗം III ൽ പ്രതിപാദിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത അഡീഷണൽ ക്വാളിഫിക്കേഷനും സർട്ടിഫിക്കറ്റും അപേക്ഷയും ബന്ധപ്പെട്ട ഓഫീസിൽ സമർപ്പിച്ചിട്ടും പ്രസ്തുത വിവരങ്ങൾ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്താതിരുന്നതായി പരാതി ലഭിച്ചാൽ ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; | കേരള സർവ്വീസ് റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ചട്ടങ്ങൾ പാലിക്കുവാൻ സർക്കാർ ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരായിരിക്കെ ഇത് പാലിക്കാത്തവർക്കെതിരെ ബന്ധപ്പെട്ട ശിക്ഷണ അധികാരികൾക്ക് അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതാണ്. |

| | | |
|---|---|---|
| (സി) | സർവ്വീസ് ബുക്കിൽ അഡീഷണൽ യോഗ്യത രേഖപ്പെടുത്തിയതായി ബന്ധപ്പെട്ട ജീവനക്കാർക്ക് രേഖാമൂലം മറുപടി നൽകുന്നതിനും ഡി.പി.സി. കൂടുന്നതിനു മുമ്പ് ബന്ധപ്പെട്ട വിവരം ഡി.പി.സി. മുമ്പാകെ നൽകുന്നതിനും നിഷ്കർഷിക്കുവാൻ നടപടിയുണ്ടാകുമോ; | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | ഇതു സംബന്ധിച്ച തീരുമാനങ്ങൾ സ്റ്റേറ്റ് സർവ്വീസിലും സബോർഡിനേറ്റ് സർവ്വീസിലും ഒരു പോലെ ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ